# GOVT. HIGHER SECONDARY SCHOOL

Karuvanpoyil, Koduvally, Kozhikode


# കാഴ്ച

**ACADEMIC MASTER PLAN**

**2025-26**

**GOVT. HIGHER SECONDARY SCHOOL**

Karuvanpoyil, Koduvally, Kozhikode



# കാഴ്ച

“നിങ്ങൾ കേൾക്കുന്നു, മറക്കുന്നു.
നിങ്ങൾ കാണുന്നു, ഓർക്കുന്നു.
നിങ്ങൾ ചെയ്യുന്നു, പഠിക്കുന്നു.
അനുഭവമാണ് അറിവിന്റെ ആധാരം.
ഈ വർഷത്തെ പഠന പ്രവർത്തനങ്ങൾ
ജീവിത വിജയത്തിനുള്ള കാഴ്ച്ചകളും അനുഭവങ്ങളും ആകട്ടെ”

## ACADEMIC MASTER PLAN 2025-26

# Editorial Board

- ഉഷ കുമാരി എം.എം (ഹെഡ്മിസ്ട്രസ്)
- സിദ്ദീഖ് മാതോലത്ത് (പി.ടി.എ പ്രസിഡണ്ട്)
- ശ്രീജാമോഹൻദാസ് (എം.വി.ടി.എ പ്രസിഡണ്ട്)
- ബീന ടി. (സീനിയർ അസ്സിസ്റ്റന്റ്)
- ഹാജറ എം. (എസ് ആർ.ജി. കൺവീനർ)
- സുരേഷ് ബാബു യു. കെ. (സ്റ്റാഫ് സെക്രട്ടറി)
- റംല. കെ. കാക്കോഞ്ഞി (ജാഗ്രത സമിതി)

**സബ്ജക്ട്റ്റ് കൺവീനർമാർ**

| | | |
|---|---|---|
| മലയാളം | : | റംല കാക്കോഞ്ഞി |
| അറബിക് | : | ബാസിമ |
| ഇംഗ്ലീഷ് | : | സുരേഷ്ബാബു യു.കെ |
| ഹിന്ദി | : | ബിന്ദു. പി.സി |
| സോഷ്യൽ സയൻസ് | : | സ്മിത കെ |
| ഫിസിക്സ് | : | ചാന്ദ്നി |
| കെമിസ്ട്രി | : | ഫാത്തിമ സുഹറ |
| ബയോളജി | : | ബീന.ടി |
| കണക്ക് | : | വിജീഷ്.കെ |
| ഐ.ടി | : | രാജീവ്.വി |
| കായികം | : | ഇർഫാൻ.കെ.ടി |
| പ്രവർത്തി പരിചയം | : | ലാലി. എൻ |

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുക എന്ന സർക്കാറിന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ കരുവൻപൊയിൽ ഈ അധ്യയനവർഷം നടപ്പിലാക്കുന്ന പഠനപ്രവർത്തനങ്ങളുടെ സമാഹാരമായ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു. പ്രാചീനകാലം മുതൽക്കുതന്നെ മനുഷ്യൻ അറിവുനേടുന്നതിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ജന്മവാസനയിൽനിന്നും ഉൾക്കൊള്ളുന്ന അറിവിനപ്പുറം ഒരു സമൂഹജീവി എന്നതിലുപരി സംസ്ക്കാര സമ്പന്നതയും കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മനുഷ്യകുലം വളർന്നുകൊണ്ടിരിക്കുന്നത്. കാണുകയും കേൾക്കുകയും ചെയ്യുന്നതിനപ്പുറത്തേക്ക് അനുഭവത്തിലൂടെ ഈ ലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് ഈ സ്കൂളിൽ ഈ വർഷം ആസൂത്രണം ചെയ്തിരിക്കുന്നത്. മാറിവരുന്ന കാലത്തിനൊപ്പം സഞ്ചരിക്കാൻ ഓരോ വിദ്യാർത്ഥിയെയും പ്രാപ്തമാക്കും ഈ പ്രവർത്തനങ്ങളെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്. ആ ആത്മ വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഇവിടെ സമർപ്പിക്കുന്നു.

# ഉള്ളടക്കം


- ആമുഖം
- സ്കൂൾ ചരിത്രം
- വിദ്യാലയത്തിന്റെ അടിസ്ഥാനവിവരങ്ങൾ
- അവസ്ഥാവിശകലനം
- ഹൈസ്കൂൾ വിഭാഗം പഠനാസൂത്രണം
- സമഗ്രകായിക വികസന പദ്ധതി
- ക്ലബ് സംഘാടനവും പ്രവർത്തനങ്ങളും
- വിദ്യാർത്ഥിസേനകളുടെ പ്രവർത്തനങ്ങൾ (JRC, SPC, ലിറ്റിൽ കൈറ്റ്സ്)
- ഉൾചേർന്ന വിദ്യാഭ്യാസം
- ഗൈഡൻസ് & കൗൺസിലിംഗ്
- പഠനപഠനേതര യാത്രകൾ

## ചരിത്രപരമായ പ്രധാന്യം

കോഴിക്കോട് നഗരത്തിൽ നിന്ന് 20 k.m അകലെ കൊടുവള്ളിയിൽ നിന്ന് 4 കി.മി. അകലെ, സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് മാനിപുരം, പിലാശ്ശേരി, വരിട്ട്യാക്ക്- കുന്ദമംഗലം റോഡിൽ സ്ഥിതി ചെയ്യുന്ന കരുവമ്പൊയിൽ ഗവഃഹയർസെക്കണ്ടറി സ്കൂൾ

| | | |
|---|---|---|
| സ്ഥാപിതം | : | 10-10-2003 |
| ഫോൺ | : | 69952212766 |
| email | : | hmghsskpoil@gmail.com |
| സ്കൂൾ കോഡ് | : | 47103 |
| H.S.S Code | : | 10101 |
| യുഡൈസ് കോഡ് | : | 3264033201 |
| റവന്യു ജില്ല | : | കോഴിക്കോട് |
| വിദ്യഭ്യാസ ജില്ല | : | താമരശ്ശേരി |
| ഉപജില്ല | : | കൊടുവള്ളി |
| ലോകസഭാമണ്ഡലം | : | കൊടുവള്ളി |
| താലൂക്ക് | : | താമരശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊടുവള്ളി |
| തദ്ദേശസ്വയംഭരണ സ്ഥാപനം | : | കൊടുവള്ളി മുൻസിപാലിററി |
| വാർഡ് | : | 16 |
| സ്കൂൾ ഭരണ വിഭാഗം | : | സർക്കാർ |
| സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |
| പഠനവിഭാഗങ്ങൾ | : | ഹൈസ്കൂൾ, ഹയർസെക്കന്ററി |
| മാധ്യമം | : | മലയാളം. ഇംഗ്ലീഷ് |

## സ്കൂളിന്റെ പൊതുവായ വിവരങ്ങൾ

### ജി.എച്ച്.എസ്.എസ് കരുവൻപൊയിൽ



വിലാസം

കരുവൻപൊയിൽ
കരുവൻപൊയിൽ പി.ഒ, 673572 പിൻ
കോഴിക്കോട് ജില്ല.

| | | |
|---|---|---|
| സ്ഥാപിതം | : | 16-10-2023 |
| ഫോൺ | : | 0495 2212766 |
| Email | : | hmghsskpoil@gmail.com |

കോഡുകൾ

| | | |
|---|---|---|
| എച്ച്.എസ്. കോഡ് | : | 47103 |
| എച്ച്.എസ്.എസ് കോഡ് | : | 10101 |

നിലവിലെ അവസ്ഥ

| | | |
|---|---|---|
| യുഡൈസ് കോഡ് | : | 32040303201 |
| റവന്യു ജില്ല | : | താമരശ്ശേരി |
| ഉപജില്ല | : | കൊടുവള്ളി |
| ലോകസഭാമണ്ഡലം | : | കോഴിക്കോട് |
| നിയമസഭ മണ്ഡലം | : | കൊടുവള്ളി |
| താലൂക്ക് | : | താമരശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊടുവള്ളി |
| തദ്ദേശ സ്വയംഭരണ സ്ഥാപനം | : | കൊടുവള്ളി |
| വാർഡ് | : | 16 |
| സ്കൂൾ ഭരണ വിഭാഗം | : | സർക്കാർ |
| സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | : | ഹൈസ്കൂൾ, ഹയർസെക്കന്ററി |
| സ്കൂൾ തലം | : | 8 മുതൽ 12 വരെ |
| മാദ്ധ്യമം | : | മലയാളം, ഇംഗ്ലീഷ് |

## സ്ഥിതി വിവരകണക്ക്

| | | |
|---|---|---|
| ആൺകുട്ടികൾ | : | 303 |
| പെൺകുട്ടികൾ | : | 248 |

## സ്കൂൾ നേതൃത്വം

| | | |
|---|---|---|
| പ്രിൻസിപ്പാൾ | : | ഷാലി തോമസ് |
| പ്രധാന അധ്യാപിക | : | ഉഷകുമാരി എം.എം |
| പി.ടി.എ പ്രസിഡണ്ട് | : | സിദ്ദീഖ് മാതോലത്ത് |
| എം.പിടി.എ പ്രസിഡന്റ് | : | ശ്രീജ മോഹൻദാസ് |

## സ്കൂളിലെ നിലവിലെ അദ്ധ്യാപകർ 2025-26

1. റംല കെ. കാക്കോഞ്ഞി
2. ഷിംന പി എം
3. ബാസിമ ടി. ടി.
4. ഷബ്ന യു. കെ.
5. റസീന ടി ടി
6. ഹാജറ എം
7. ബിന്ദു എം.
8. സുരേഷ് ബാബു യു. കെ.
9. സിന്ധു പി സി
10. സൗമ്യ എസ്
11. വിജീഷ് കെ.
12. നിമിഷ വി പി
13. ബിപിന കെ
14. സ്മിത കെ
15. സലീം കണ്ണഞ്ചേരി
17. രമ്യ പി. ആർ.
18. ഫാത്തിമത്ത് സുഹറ
19. ചാന്ദിനി പി. വി.
20. ഹിസാന തസ്നീം
21. ബീന ടി
22. രാജീവ് വി
23. ലാലി എൻ
24. ഇർഫാൻ കെ. ടി
25 ഡ്രോയിങ് (ഒഴിവ്)

## ഓഫീസ് സ്റ്റാഫുകൾ

| | | | |
|---|---|---|---|
| 1. | ഉഷാകുമാരി എം. എം. | ഹെഡ്മിസ്ട്രസ് | 9497754269 |
| 2. | ജയേഷ് എൻ. | ക്ലർക്ക് | 9048017056 |
| 4. | രാധിക എം. | ഓഫീസ് അറ്റന്റന്റ് | 9562421700 |
| 5. | ജസ്റ്റിൻ കെ. ജെ. | ഓഫീസ് അറ്റന്റന്റ് | 984746011 |
| 6. | ജെയ്നി ജോയ് | എഫ്.ടി.എം | 9656933140 |

## ഓഫീസ് സ്റ്റാഫ് വിവരങ്ങൾ

### ഹൈസ്കൂൾ

പുരുഷ അധ്യാപകർ : 5

സ്ത്രീ അധ്യാപകർ : 19

ഒഴിവുള്ളത് : 1

### അനധ്യാപകർ

പുരുഷൻമാർ : 2

സ്ത്രീകൾ : 3

### ഹയർ സെക്കന്ററി വിഭാഗം

പുരുഷ അധ്യാപകർ : 9

സ്ത്രീ അധ്യാപകർ : 16

ആൺകുട്ടികൾ : 246

പെൺകുട്ടികൾ : 222

അ നധ്യാപകർ : 1

### ക്ലാസ്സുകൾ, ഡിവിഷനുകൾ

പത്താംതരം : 4 ഡിവിഷനുകൾ

ഒമ്പതാം തരം : 5 ഡിവിഷനുതൾ

എട്ടാംതരം : 6 ഡിവിഷനുകൾ

## സ്കൂളിന്റെ മുൻ പ്രധാന അദ്ധ്യാപകർ

| | | |
|---|---|---|
| 2003–2006 | : | എൻ. അബൂബക്കർ |
| 2006–2007 | : | സുരേന്ദ്രൻ |
| 2007 – 2010 | : | മറിയാമ്മ വർഗ്ഗീസ്.പി |
| 2010 –2010 | : | അനിൽകുമാർ. എം |
| 2011 – 2014 | : | അരവിന്ദാക്ഷൻ.പി |
| 2014–2015 | : | രമാഭായി എൻ.കെ |
| 2015 – 2018 | : | അഹമ്മദ്കുട്ടി.ടി |
| 2018 – 2020 | : | സവിത.കെ.പി |
| 2020 – 2023 | : | ജയലളിത .വി |
| | : | ബീന. എൻ |
| 2023 –2024 | : | ലത.സി |
| 2024 മുതൽ | : | ഉഷാകുമാരി. എം. എം |
| 2025 തുടരുന്നു. | : | ഉഷാകുമാരി. എം. എം |

## മുൻവർഷത്തെ പ്രധാന നേട്ടങ്ങൾ

### SSLC വിജയ ശതമാനം

| | | |
|---|---|---|
| 2003–2004 | : | 64% |
| 2004 – 2005 | : | 50% |
| 2005 – 2006 | : | 65% |
| 2006 – 2007 | : | 82% |
| 2007 –2008 | : | 94% |
| 2008 – 2009 | : | 94% |
| 2009 – 2010 | : | 96% |
| 2010 – 2011 | : | 95% |
| 2011 – 2012 | : | 96% |
| 2012 – 2013 | : | 95% |
| 2013 – 2014 | : | 94% |

| | | |
|---|---|---|
| 2014 – 2015 | : | 100% |
| 2015 – 2016 | : | 97% |
| 2016 – 2017 | : | 100% |
| 2017 – 2018 | : | 98% |
| 2018 – 2019 | : | 99% |
| 2019 – 2020 | : | 98% |
| 2020 – 2021 | : | 100% |
| 2021 – 2022 | : | 100% |
| 2022 – 2023 | : | 100% |
| 2023 – 2024 | : | 99% |

## സ്കോളർഷിപ്പുകൾ

2023 – 2024 NMMS സ്കോളർഷിപ്പ് : 1

2024 – 2024 ഇൻസ്പയർ അവാര്ഡ് : 1

ഭിന്നശേഷി വിഭാഗത്തിൽ മുഹമ്മദ് ഫാളിൽ ബാഡ്മിന്റൽ സ്റ്റേററ് വിന്നറായി

## സ്കൂളിന്റെ കാഴ്ച്ചപ്പാടും ദൗത്യവും

### കാഴ്ച്ചപ്പാട്

നിലവിലെ പോരായ്മകൾ നികത്തി മികച്ചഗുണനിലവാരമുള്ള സാങ്കേതിക വിദ്യയിൽ ഊന്നികൊണ്ടുള്ള കെട്ടിടങ്ങളും, ക്ലാസ്സ്റൂമുകളും, അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി മികച്ച ഗുണനിലവാരം മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക എന്നതാണ് സ്കൂളിന്റെ കാഴ്ച്ചപ്പാട്.

### ദൗത്യം

1. സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. നൂതനമായ സാങ്കേതികവിദ്യ അടിസ്ഥാന സൗകര്യങ്ങളുമായി സംയോജിപ്പിച്ച് മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
3. നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ ദൂരീകരിച്ച് പഠനപ്രവർത്തനങ്ങൾ ഫലവത്താക്കുക.
4. നിലവിലെ ബോധനരീതിയിൽ നിന്നും മാറി പുതിയകാലഘട്ടത്തിനനുസൃതമായ രീതിയിൽ ബോധന പ്രക്രിയ മെച്ചപ്പെടുത്തുന്നതിനായി അധ്യാപകർക്ക് പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക.
5. പഠനം കൂടുതൽ ലളിതവും ആസ്വാദ്യവുമാക്കുന്ന രീതിയിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. ആവശ്യമെങ്കിൽ വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്.
6. സാമ്പത്തിക ലഭ്യതക്കനുസരിച്ച് ഈ പ്രവർത്തനങ്ങൾക്കാവശ്യമായ പഠനസാമഗ്രികൾ നിർമ്മിക്കുകയും കണ്ടെത്തുകയും ചെയ്യുക.
7. സയൻസ് ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, സ്പോർട്സ് റൂമുകൾ എന്നിവ സാധ്യമായ രീതിയിൽ സജ്ജീകരിക്കുക.
8. മൂല്യബോധവും സാമൂഹ്യ പ്രതിബന്ധതയുമുള്ള വ്യക്തിത്വ വികസനത്തിന് ഉതകുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

## അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ

1. PTA സന്നദ്ധ സംഘടനകൾ, പൂർവ്വവിദ്യാർത്ഥികൾ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായത്തോടെ കളിസ്ഥലത്തുനിന്നും, ഓഡിറ്റോറിയത്തിനുവേണ്ട സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.
2. കമ്മ്യൂണൽ ലിവിംഗ് ക്യാമ്പ്, സംഘടിപ്പിക്കുക, ഓണം, ക്രിസ്തുമസ്സ്, ബക്രീദ് തുടങ്ങിയ ദിനങ്ങളിൽ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തികൊണ്ട് ആഘോഷപരിപാടികൾ സംഘടിപ്പിക്കുക.

## നിലവിലെ അവസ്ഥ

### സ്കൂൾ നേരിടുന്ന വെല്ലുവിളികൾ

1. സ്ഥലപരിമിധി
   a) ക്ലാസ്സ്റൂമുകളുടെ കുറവ്
   b) കളിസ്ഥലത്തിന്റെ അഭാവം
   c) സ്ഥിരമായ ഒരു ഓഡിറ്റോറിയം ഇല്ല.
   d) കുട്ടികളുടെ എണ്ണത്തിന് അനുപാതികമായി ടോയിലറ്റുകളുടെ അപര്യാപ്തത.
   e) സ്വന്തമായി ജല സ്രോതസ്സ് ഇല്ല.
   f) ഭിന്നശേഷി റൂം, SPC റൂം, കൗൺസിലിംഗ് റൂം, സ്പോർട്സ് റൂം,. എന്നിവ ഇതുവരെ വൈദ്യുതീകരിച്ചിട്ടില്ല. മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഈ റൂമുകൾക്ക് ലഭ്യമായിട്ടില്ല.
2. സാമ്പത്തിക പ്രശ്നങ്ങൾ
   തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സ്ത്രോതസ്സുകളിൽ നിന്നും സാമ്പത്തിക സഹായം ഈ ഇനത്തിൽ ലഭിച്ചിട്ടില്ല. സ്ഥലപരിമിധി ഇതിനൊരു തടസ്സമാണ്.
3. പഠനനിലവാരത്തിലെ പോരായ്മകൾ
   താരതമ്യേന സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികളാണ് ഭൂരിഭാഗവും ഈ സ്കൂളിൽ പഠിക്കുന്നത്. മദ്രസ പഠനവും സ്കൂൾ പഠനവും ഒരുമിച്ച് കൊണ്ടുപോകുന്നതിൽ കുട്ടികൾ പ്രയാസം നേരിടുന്നുണ്ട്. 8ാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികളിൽ നല്ലൊരു ശതമാനം താഴ്ന്ന ക്ലാസ്സുകളിൽ നിന്ന് നേടേണ്ട ശേഷികൾ ആർജ്ജിക്കാത്തവരാണ് എന്നതാണ് പ്രീടെസ്റ്റിന്റെ അവലോകനത്തിൽ നിന്ന് വ്യക്തമാക്കുന്നത്.

കഴിഞ്ഞ അധ്യയനവർഷം 212 കുട്ടികൾ SSLC പരീക്ഷ എഴുതി. 211 കുട്ടികൾ പാസ്സായി. 21 പേർ മുഴുവൻ വിഷയങ്ങൾക്കും A+ നേടി.

| | | |
|---|---|---|
| First Language | : | 138 |
| First Laguage II | : | 134 |
| English | : | 45 |
| Hindi | : | 50 |
| Social science | : | 55 |
| Physics | : | 57 |
| Chemistry | : | 84 |
| Biology | : | 58 |
| Mathamatics | : | 47 |
| IT | : | 150 |

ഏങ്കിലും മുഴുവൻ വിഷയങ്ങളിലും A+ നേടിയ കുട്ടികളുടെ എണ്ണം 21 ലേക്ക് ചുരുങ്ങിയത് ഒരു പോരായ്മയായി കണക്കാക്കുന്നു. SRG /യിൽ ഈ വിഷയം ചർച്ചചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒമ്പതാം ക്ലാസ്സിലെ കുട്ടികളിൽ നല്ലൊരു ശതമാനം കുട്ടികൾ അടിസ്ഥാനശേഷി ആർജ്ജിക്കാത്തവരാണ്. ഇതിനുള്ള പരിഹാരനടപടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. എട്ടാം ക്ലാസ്സിലെ സ്ഥിതിയും മറിച്ചല്ല. വിഷയാടിസ്ഥാനത്തിൽ കുട്ടികൾക്ക് പഠനപിൻതുണാ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

# സ്കൂൾ കലാമേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും

**പ്രശ്നങ്ങൾ**

1. പാഠ്യപദ്ധതിയിൽ കലകൾക്ക് പ്രാധാന്യക്കുറവ്:
   അധ്യാപകരും വിദ്യാർത്ഥികളും പരീക്ഷാ അടിസ്ഥാനത്തിലുള്ള വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തുന്നത് കലാ പാഠങ്ങൾക്ക് പ്രാധാന്യം കുറക്കുന്നു.
2. അവശ്യ സൗകര്യങ്ങളുടെ കുറവ്:
   കലാപരിപാടികൾക്കായി ആവശ്യമായ മ്യൂസിക്കൽ ഇൻസ്ട്രുമെന്റുകൾ, സ്റ്റേജ്, വേഷങ്ങൾ, പരിശീലനത്തിന്റെ ഇടങ്ങൾ എന്നിവയുടെ അഭാവം
3. വിതരണ ചിലവുകൾ നിറവേറ്റാൻ കഴിയാത്തത്:
   സ്കൂളുകൾക്കുള്ള ബജറ്റിൽ കലാപ്രവർത്തനങ്ങൾക്ക് പ്രത്യേക ഫണ്ടിങ് ഇല്ലാത്തത്.
4. മാതാപിതാക്കളുടെ പിൻതുണയില്ലായ്മ:
   ചില രക്ഷിതാക്കൾ കലയെ അപ്രയോജനകരമായ കാര്യമായി കണക്കാക്കുന്നു.
5. പടിയേറി വരുന്ന പ്രഫഷണൽ മത്സരം:
   സ്കൂൾ കലോൽസവങ്ങളിലും കലാരംഗങ്ങളിലും ഉള്ള മത്സരം കുട്ടികളിൽ സമ്മർദ്ദം ഉണ്ടാക്കുന്നു.

**പരിഹാരങ്ങൾ**

1. പാഠ്യപദ്ധതിയിൽ കലകൾക്ക് സമഗ്രസ്ഥാനം നൽകുക
   കലാ സബ്ജക്ടുകൾ (സംഗീതം, നൃത്തം, ചിത്രകല നാടകം) പ്രധാന വിഷയങ്ങളായി പരിഗണിച്ച് സ്ഥിരമായ മാർക്ക് അനുവദിക്കുക.
2. സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
   സംഗീത ഉപകരണങ്ങൾ, സ്റ്റേജ്, ലൈറ്റിംഗ് തുടങ്ങിയവ കൃത്യമായി ഒരുക്കുക
3. കലാവികസന ഫണ്ടുകൾ അനുവദിക്കുക
   സർക്കാർ തലത്തിൽ സ്കൂൾ കലാവികസന പദ്ധതി രൂപീകരിച്ച് ഓരോ സ്കൂളിനും വാർഷികമായി സഹായധനം നൽകുക.
4. മാതാപിതാക്കളുടെ അവബോധം വർദ്ധിപ്പിക്കുക
   കലയുടെ പ്രാധാന്യത്തെകുറിച്ചുള്ള സെമിനാറുകൾ ഓറിയന്റേഷൻ ക്ലാസ്സുകൾ രക്ഷിതാക്കൾക്ക് നൽകുക.
5. സമ്മർദ്ദരഹിതമായ മത്സരം പ്രോത്സാഹിപ്പിക്കുക
   മത്സരങ്ങളെ പരസ്പര പഠനത്തിനും സൗഹൃത്തിനും വഴിയൊരുക്കുന്ന രീതിയിൽ ആക്കുക

## അക്കാദമിക് മാസ്റ്റർ പ്ലാൻ മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1. | വായന – സമഗ്രവ്യക്തി വികാസത്തിലേക്ക് നയിക്കുന്ന വായനയിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് | ജൂൺ | പുസ്തകങ്ങൾ | അധ്യാപിക |
| | | കുറിപ്പ് തയ്യാറാക്കൽ (സ്വയം പരിചയപ്പെടുത്തിക്കൊണ്ട്) | ജൂലൈ | പത്രങ്ങൾ | |
| | | പത്രവായന | ആഗസ്റ്റ് | വായനക്കുറിപ്പുകൾ | |
| | | ലൈബ്രറി പുസ്തതക വിതരണം | | | |
| | | കഥ, കവിത വായന | | | |
| | | വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം | | | |
| 2. | കുട്ടികളിലെ ലിഖിതപരമായ പ്രയാസങ്ങൾ പരിഹരിക്കൽ | എഴുതാനുള്ള അവസരങ്ങൾ നൽകുക. ഉദാ കേട്ടെഴുത്ത്, പകർത്തിയെഴുത്ത് | അക്കാദമിക വർഷം | പുസ്തകങ്ങൾ | അധ്യാപിക |
| | | പുതിയ പുതിയ പദങ്ങളും വാക്യങ്ങളും കണ്ടെത്തി എഴുതുക. | | പത്രങ്ങൾ | |
| | | എഴുതാൻ പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം | | | |
| | | വായന വർദ്ധിപ്പിക്കാനുള്ള അവസരങ്ങൾ നൽകുക | | | |
| | | പോസ്റ്റർ നിർമ്മാണം ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, രചനാ പ്രവർത്തനങ്ങലിൽ ഏർപ്പെടൽ | | | |
| 3. | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ | കഥ, കവിത ആസ്വാദനം | ആഗസ്റ്റ് | മത്സരങ്ങൾ, പുസ്തക | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | വർദ്ധിപ്പിക്കുക | | | ങ്ങൾ | |
| | | കൈയ്യെഴുത്ത് | ജനുവരി | ക്ലാസ്സ് എഡിറ്റർ | |
| | | ഡിജിറ്റൽ മാഗസിൻ | ഫെബ്രുവരി | | |
| | | ശില്പശാലകൾ | ഡിസംബർ | | അധ്യാപകർ |
| | | സെമിനാർ | ജനുവരി | | വിഷയ സമിതി |
| | ദിനാചരണങ്ങൾ | പ്രവർത്തനം | | | |
| | ജൂൺ 19 – വായനാദിനം | ക്വിസ് മത്സരം | | | |
| | | പോസ്റ്റർ രചന | | | |
| | | വായനക്കുറിപ്പ് തയ്യാറാക്കൽ | | | |
| | | ഉപന്യാസരചന | | | |
| | ജൂൺ 26 – ലഹരിവിരുദ്ധ ദിനം | ലഹരിവിരുദ്ധ പ്രതിജ്ഞ | | | |
| | | പോസ്റ്റർ രചന | | | |
| | | റീൽസ് നിർമ്മാണം | | | |
| | | ഉപന്യാസ രചന | | | |
| | | ബോധവൽക്കരണ ക്ലാസ്സ് | | | |
| | കർഷകദിനം | കൃഷിപ്പതിപ്പ് | | | |
| | ആഗസ്റ്റ് | പഴഞ്ചൊല്ല് നിർമ്മാണം | | | |
| | സെപ്തംബർ – 5 അധ്യാപക ദിനം | അഭിമുഖ സംഭാഷണം (പ്രശസ്തരുമായി) | | | |
| | ഒക്ബർ 2 ഗാന്ധിജയന്തി | പ്രസംഗമത്സരം | | | |
| | നവംബർ 14 ശിശുദിനം | ക്വിസ് | | | |
| | | സാഹിത്യപഠനയാത്ര | | | |
| | ജനുവരി 26 | പുസ്തകചർച്ച | | | |
| | | ഡോക്യുമെന്റേഷൻ | | | |
| | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന - കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക. | അറബിക് ലൈബ്രറി ശ്ാക്തീകരണം. അറബി ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ...... | ജൂൺ – ജനുവരി | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി. ആർ. സി. ഡയറ്റ് |
| എഴുത്ത് - എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ്സ് / സ്കൂൾ കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊളളിച്ച് കയ്യെഴുത്ത് മാഗസിൻ കുട്ടികൾ നിർമ്മിക്കുന്നു. | ജൂൺ – ഡിസംബർ | അധ്യാപകർ. | |
| അറിവിൻ തിളക്കം. അറബിയിൽ അറിവ് നേടുക | മാസാൻ ക്വിസ് കാർണിവൽ. ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | | | |
| പ്രതിഭകളെ കണ്ടെത്തൽ | കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. അലിഫ് ടാലന്റ് ടെസ്റ്റ് സംഘടിപ്പിക്കും. പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലൈ- ജനുവരി | സ്റ്റേജ് സൗണ്ട് സിസ്റ്റം | അധ്യാപകർ |
| ദിനാചരണങ്ങൾ - ദിനാചരണത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു. | ദിനാചരണങ്ങളോടനുബന്ധിച്ച് അറബിക് പോസ്റ്ററുകൾ നിർമിക്കുന്നു. | ജൂൺ – ജനുവരി | അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ (ഉർദു)

**പൊതുലക്ഷ്യങ്ങൾ**

- ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും 10-ാം ക്ലാസ്സ് കഴിയുമ്പോഴേക്കും ഉറുദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുള്ള ശേഷി ഉറപ്പാക്കുക.
- ഉറുദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തി പ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- ഉറുദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആശ്വദിക്കാനുമുള്ള കഴിവ് നേടുക.

**പ്രവർത്തന പദ്ധതി മാർഗ്ഗരേഖ**

| നം. | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | മീഠി ആവാസ് വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ഉറുദു പത്രങ്ങൾ, വായന കാർഡ് തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണ ങ്ങളിൽ | സബ്ജക്ട് കൗൺസിൽ |
| 2. | കയ്യെഴുത്ത് മാഗസിൻ | രചനാശേഷി വളർത്തൽ -ഉറുദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യത്തിന് കയ്യെഴുത്ത് മാസിക ചുമർ പത്രിക നിർമ്മാണം, വായനകാർഡ് നിർമ്മാണം. | ടേംമിൽ 1 വീതം | |

| നം. | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല |
|---|---|---|---|---|
| 3. | ഉർദു പൊതുവി ജ്ഞാനം വർദ്ദിപ്പിക്കൽ | പൊതുവായതും ഉർദുവിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്ലാസ്സ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ. | എല്ലാ മാസവും. | |
| 4. | ഉർദു പത്രം | ക്ലാസ്സ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ | ടേമിൽ 1 വീതം | ഉർദു ക്ലബ്ബ് |
| 5. | സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരൻമാരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | അദ്ധ്യായന വർഷം | ുർദു സബ്ജക്ട് കൗൺസിൽ. |
| 6. | അഭിമുഖ സംഭാഷണം | ഉർദു സംസാരിക്കുന്നവരുമായും സാഹിത്യകാരൻമാരുമായും അഭിമുഖ സംഭാഷണം നടത്തുക. | പാഠഭാഗവു മായി ബന്ധപ്പെട്ട് | സബ്ജക്ട് കൗൺസിൽ. |
| 7. | ദിനാചരണ ങ്ങൾ | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭാഷാശേഷി വളർത്തുന്നതിനും സർഗ്ഗാത്മകത വളർത്തുന്നതിനും. | അതാത് ദിനാചരണ ങ്ങളിൽ | സബ്ജക്ട് കൗൺസിൽ |
| 8. | ഹമാരി സബാൻ ഉർദു ദിനം | ടാലന്റ് മീറ്റ്, അക്ഷരമരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | നവംബർ - 9 | ഉർദു സബ്ജക്ട് കൗൺസിൽ. |
| 9. | ഗസൽ മുഷാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും. | അദ്ധ്യായന വർഷം | സബ്ജക്ട് കൗൺസിൽ |

## Academic Master Plan - English

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തമാക്കുക | Spoken English Class, Engish Library, English Corner Story Time, English Assembly | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം/ ശനിയാഴ്ച | Teachers |
| 2. | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cenema Documentary, Profile & Script തയ്യാറാക്കുന്നതിനു വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. Role Play, Enhlish Day ആചരണം, സെമിനാർ ചർച്ചകൾ. | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം, അക്കാദമിക വർഷം | Teachers & SRG |
| 3. | സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജമാക്കുക. | School English voice, word card, letter card, Public Speaking, Simple Games, News reading, My Diary, News reading competition | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്കൊപ്പം, അസംബ്ലി | Teachers & SRG |
| 4. | നാടകീകരണം | English Assembly, Skit, Engllish Lab പാഠാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit അവതരണം. | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ | Teacher & SRG English CLub |
| 5. | കവിതാലാപനത്തിനും കവിതാ രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാ രചന, ആലാപന മത്സരങ്ങൾ നടത്തുന്നു, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വർഷത്തിൽ ആറ് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ |
| 6. | സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് ഉപയോഗപ്പെടുത്തുന്നു. | പ്രശസ്ത എഴുത്തുകാർ, വിവിധ മേഖലകളിലെ പ്രശസ്തവ്യക്തികൾ എന്നിവരുമായുള്ള അഭിമുഖം, വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ പ്രവർത്തനങ്ങൾ | ടീച്ചേഴ്സ്, SRG |
| 7. | സംവാദ സദസ്സുകൾ സംഘടിപ്പിക്കുക. | Native Speakers സുമൊത്ത്സംവാദം, സന്ദർശനം ഒരുക്കുക. Video Conference with living Poet and writers. | അക്കാദമിക വർഷം ആറ് തവണ | English Teachers SRG |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1. | കുട്ടികളിലെ ഭാഷാപരമായ പിന്നോകാകവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, വാക്കുകൾ നിർമ്മിക്കുക, വാകൃങ്ങൾ നിർമ്മിക്കുക, ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക ക്ലാസ്സ് | ജൂൺ, ജൂലൈ, ആഗസ് റ്റ് | പുസ്തകം, പ്രൊജക്ടർ | അദ്ധ്യാപിക |
| 2. | കുട്ടികളെ മികച്ച വായനക്കാരാക്കുക | ഹിന്ദി ലൈബ്രറി ശക്തമാക്കുക, ഹിന്ദി പുസ്തകങ്ങൾ പരിചയപ്പെടുത്തുക, ദിനാചരണങ്ങൾ, വായന മത്സരങ്ങൾ സംഘടിപ്പിക്കുക, പോസ്റ്റർ നിർമ്മാണം | അക്കാദ മിക വർഷം | പുസ്തക ങ്ങൾ, ലൈബ്രറി | അദ്ധ്യാപിക |
| 3. | ദിനാചരണങ്ങളെ ക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുക, എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുക. | | | |
| 4. | മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പോസ്റ്റർ നിർമ്മാണം, പാഠാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരൻമാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | അക്കാദ മിക വർഷം | JCT, പുസ്തക ങ്ങൾ | ഹിന്ദി അധ്യാപകർ |
| 1. | കുട്ടികളെ മികച്ച എഴുത്തുകാരാക്കുക | ചാർട്ടുകൾ രൂപപ്പെടുത്തൽ, കയ്യെഴുത്ത് മത്സരങ്ങൾ സംഘടിപ്പിക്കുക. | അക്കാദ മിക വർഷം | ഹിന്ദി അധ്യാപക ർ | |

| ദിനാചരണങ്ങൾ | പ്രവർത്തനം |
|---|---|
| ജൂൺ 19 – വായനാ ദിനം | ഹിന്ദി വായനാ മത്സരം |
| ജൂൺ 26 – ലഹരിവിരുദ്ധദിനം | ലഹരിവിരുദ്ധ പ്രതിജ്ഞ, ലഹരിക്കെതിരായ ഷോർട്ട് ഫിലിം പ്രദർശനം. |
| ജൂലൈ 31 – പ്രേംചന്ദ് ജയന്തി | പ്രേംചന്ദിന്റെ കഥകളുടെ പ്രദർശനം, പ്രേംചന്ദ് ദിന ക്വിസ്, പ്രസംഗമത്സരം. |
| സെപ്തംബർ 5 – അധ്യാപക ദിനം | ഇഷ്ടപ്പെട്ട അധ്യാപകനുള്ള കത്തെഴുത്ത് മത്സരം |
| സെപ്തംബർ 14 – ഹിന്ദി ദിവസം | പോസ്റ്റർ നിർമ്മാണം, കുട്ടികളുടെ നേതൃത്വത്തിൽ ഹിന്ദി അസംബ്ലി, കയ്യെഴുത്ത് മത്സരം |
| ഒക്ബർ 2 – ഗാന്ധി ജയന്തി | ചിത്രരചനാ മത്സരം |
| നവംബർ 14 – ശിശു ദിനം | 8–ാം ക്ലാസ്സിലെ കുട്ടികൾക്ക് ചാച്ചാജിയുടെ തൊപ്പി നിർമ്മാണം, ക്വിസ്. |

# അക്കാദമിക മാസ്റ്റർ പ്ലാൻ – സാമൂഹ്യശാസ്ത്രം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. | ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. | അക്കാദമിക വർഷം, മുൻനിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ. |
| 2. | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കുക. | പൗരബോധം, മൂല്യബോധം ഇവ വളർത്തുക. സ്കൂൾ ഇലക്ഷൻ, സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യബോധം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ |
| 3. | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി. ടി. എ. |
| 4. | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുക. | പ്രോജക്ട്, ചർച്ചകൾ, സംവാദം, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5. | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു. അറ്റ്ലസ്, ഗ്ലോബ്, മാപ്പുകൾ ഇവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| 6. | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിയെക്കുറിച്ച് കൂടുതൽവ്യക്തമായ ധാരണ നൽകുക – വീഡിയോ പ്രദർശനം, ചരിത്ര സിനിമപ്രദർശനം | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| 7. | വ്യത്യസ്ത ഇനം മണ്ണിനെ കുറിച്ചും, ജലാംശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – സയൻസ് 2025–26

| ന ം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കൗതുക, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ ചെയ്യുന്നു. | അക്കാദമിക വർഷം | അധ്യാപ കർ | പി. ടി. എ |
| | മോഡലുകൾ നിർമ്മിക്കുവാൻ ആശയങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് നിർമ്മിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ | | |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | | അധ്യാപ കർ | |
| | ലഘു പ്രോജക്ടറുകൾ തയ്യാറാക്കുന്നു. | | അക്കാദമിക വർഷം | അധ്യാപ കർ. | |
| 2. | നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സിൽ സെമിനാർ പേപ്പർ അവതരിപ്പിക്കു ന്നു. | അക്കാദമിക വർഷം | അധ്യാപ കർ | |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | വർഷത്തിൽ ഒരു തവണ | അധ്യാപകർ | സയൻ സ് ക്ലബ്ബ് | |
| | ശാസ്ത്ര പ്രശ്നോത്തരി സംഘടിപ്പിക്കുന്നു. | ആഴ്ച തോറും | അധ്യാപകർ | | |
| 3. | മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. ക്ലാസ്സുകളിൽ ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | അധ്യാപകർ | പി. ടി. എ. | |
| | സ്കൂളുകളിൽ ശാസ്ത്ര മാഗസിൻ പ്രസിദ്ധാകരണം | അക്കാദമിക വർഷം | അധ്യാപകർ | പി. ടി. എ. | |
| | സയൻസ് ലാബ്, ഐ.ടി. ലാബ് ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം | | അധ്യാപ കർ | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.തണൽ വൃക്ഷങ്ങൾ നട്ടുപിടിക്കൽ | ആരോഗ്യക്ലബ്ബ് | | | |
| | സ്ഥലം കണ്ടെത്തി ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, പൂകൃഷി എന്നിവ നടത്തൽ | അക്കാദമിക വർഷം | സയൻസ്ക്ലബ്ബ് | കൃഷി വകുപ്പ് | |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | | ഹരിതസേന | പി. ടി. എ. | |
| 5. | അന്വേഷണ തൃഷ്ണ വർദ്ദിപ്പിക്കൽ, നേരറിവ് നേടൽ പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകശളും പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | | |
| | സബ്ജില്ല, ജില്ലാ തലത്തിലുള്ള ക്വിസ്, സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | | |
| | ശാസ്ത്രകാരനുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ | |
| ഗണിതപഠനത്തിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ക്ലബ്ബ് രൂപീകരണം, മാത്സ് കോർണർ | ജൂൺ – ജൂലായ് | അധ്യാപകർ, വിദ്യാർത്ഥിക ൾ | |
| ഗണിതത്തിൽ പൊതു അറിവ് കൈവരിക്കൽ | മാത്സ് ക്വിസ്, പസ്സിൽ, സുഡോക്കു | ആഗസ്റ്റ് – സെപ്റ്റംബർ | അദ്ധ്യാപകർ, വിദ്യാർത്ഥിക ൾ, മാത്സ് ക്ലബ്ബ് | |
| പ്രശ്ന നിർദ്ധാരണത്തിനുള ള ശേഷി നേടൽ | റുബിക്സ് ക്യൂബ് ചലഞ്ച്, പസ്സിൽ, സുഡോക്കു | തുടർപ്രവർ ത്തനം | മാത്സ് ക്ലബ്ബ്, വിഷയസമിതി കൺവീനർ | |
| ഗണിതവിഷയത്തിൽ കുട്ടികളുടെ മികച്ച ഭാവന കൈവരിക്കൽ | മോഡൽ മേക്കിംഗ്, ശിൽപശാല | ഒക്ടോബർ | വിഷയസമിതി കൺവീനർ | |
| ഗണിതമത്സരവേദിയ ിലേക്ക് മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | തുടർപ്രവർ ത്തനം | അധ്യാപകർ, പി. ടി. എ., ക്ലബ്ബ് കൺവീനർ | പി. ടി. എ. |
| ഗണിതലാബ് | ശിൽപശാലകളി ലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണ ങ്ങൾ ശേഖരിക്കൽ | അക്കാദമിക വർഷം | അധ്യാപകർ, ക്ലബ്ബ്, വിദ്യാർത്ഥിക ൾ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ: വർക്ക് ഇന്റഗ്രേറ്റഡ് എഡ്യുക്കേഷൻ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയുടെ സമഗ്രവികസനം | കൃഷിയെക്കുറിച്ചും ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും കുട്ടികൾക്ക് അറിവ് നൽകുക | ജൂൺ - സെപ്റ്റംബർ | പ്രവൃത്തി പരിചയ ക്ലബ്ബ് | |
| സ്വയം വരുമാന മാർഗ്ഗം, സ്വയം പര്യാപ്തത | നോട്ട് ബുക്ക് നിർമ്മാണം | ഒക്ടോബർ - നവംബർ | പ്രവർത്തി പരിചയ ക്ലബ്ബ് | |
| സ്ഥിരതയും പദ്ധതി പ്രാപ്തിയും, സംസ്കാരപരമായ അറിവ്, മാനസികമായ ശാന്തത | ഹാൻഡ് എംബ്രോയ്ഡറി | ഡിസംബർ - ഫിബ്രവരി | പ്രവർത്തി പരിചയ ക്ലബ്ബ് | |

## Health and Physical Education

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ മാനസിക, സാമൂഹിക ആരോഗ്യം മെച്ചപ്പെടുത്തുക. | ലഘു വ്യായാമം,സുംബ | ജൂൺ - സെപ്റ്റംബർ | Sports Club | |
| ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധം | കുട്ടികൾക്ക് ബോധവൽക്കരണം | ഒക്ടോബർ - ഡിസംബർ | Sports Club | |
| കുട്ടികളിൽ നല്ല ആഹാര ശീലം വളർത്തുക | ആഹാരത്തിലെ ഊർജ്ജമൂല്യങ്ങളെ ക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകൽ ജനുവരി -ഫിബ്രവരി | Sports Club | | |

# പഠനയാത്ര

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാംസ്ക്കാരികവും വൈവിദ്യവുമായ അനുഭവങ്ങൾ നേടുക | ➢ സ്കൂൾ പഠനയാത്ര കമ്മറ്റി രൂപീകരണം<br>➢ ടൂർ കൺവീനർ, ജോയിന്റ് കൺവീനർ | ഒക്ടോബർ, നവംബർ | സ്കൂൾ പഠനയാത്രാ കമ്മറ്റി | പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നു. |
| സാമൂഹികവും ചരിത്രപരവുമായ അറിവുകൾ കുട്ടികളിൽ ഉണ്ടാക്കുക | ➢ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ തിരഞ്ഞെടുപ്പ്. | | | |
| സാമൂഹികവും സാമ്പത്തികപരവുമായ അച്ചടക്കം നേടുന്നതിന് | ➢ പഠനമേഖലയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ തിരഞ്ഞെടുപ്പ്. | | | |
| കൂട്ടായപ്രവർത്തനത്തിലൂടെ ഉള്ള അനുഭവസമ്പത്ത് ഉണ്ടാക്കുക | ➢ ചർച്ചകൾ അധ്യാപക രക്ഷാകർത്തൃയോഗം<br>➢ PTA അനുമതി | | | |

## ഗൈഡൻസ് & കൗൺസിലിംങ്

വിദ്യാഭ്യാസ രംഗത്ത് മാർഗ്ഗ നിർദ്ദേശവും കൗൺസിലിംഗും വളരെ പ്രധാനമാണ്. ഇത് വിദ്യാർത്ഥികളുടെ വ്യക്തിഗതവും അക്കാദമികവുമായ വളർച്ചയെ പിൻതുണക്കുകയും അവരുടെ കരിയർ തെരഞ്ഞെടുപ്പുകളിൽ സഹായിക്കുകയും ചെയ്യുകയും ചെയ്യുന്നു. കൂടാതെ മാനസികാരോഗ്യവും മെച്ചപ്പെടുത്താൻ സഹായിക്കുന്നു. ഇത് വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും പഠനത്തിൽ കൂടുതൽ ശ്രദ്ധചെലുത്താനും, വ്യക്തിഗത പ്രശ്നങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുവാനും സാധിക്കുന്നു.

വിദ്യാലയത്തിൽ കുട്ടികളെ കൗൺസിലിങ് നടത്തുന്നതിനാവശ്യമായ ഭൗതീക സാഹചര്യമുണ്ട്.

## പ്രശ്നവിശകലനം

വിഷയം : കൗൺസിലിംഗ്

| കാരണങ്ങൾ | പരിഹാര നിരദ്ദേശം | പ്രവർത്തനം |
|---|---|---|
| കുട്ടി പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിന് | കുട്ടികൾ പരസ്പരം അറിയുക | Ice Breaking Sessions<br>സ്വയം പരിചയപ്പെടൽ |
| കൗമാര കാലഘട്ടത്തിൽ അനുഭവപ്പെടുന്ന മാറ്റങ്ങളിലുള്ള ആശങ്ക | കൗമാരക്കാരുടെ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി | വിദഗ്ദരുടെ ക്ലാസ്സുകൾ<br>ബോധവൽക്കരണം |
| പ്രശ്നങ്ങൾ തുറന്നു പറയുന്നതിനുള്ള പ്രയാസം | വിദ്യാർത്ഥികൾക്ക് വൈകാരികമായ പിൻതുണ നൽകുക നിരീക്ഷണം | Home visit |
| പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള പ്രയാസം | ലൈഫ് സ്കിൽ ക്ലാസ്സുകൾ നൽകുക | മോട്ടിവേഷൻ ക്ലാസ്സുകൾ |
| കുടുംബ പ്രശ്നങ്ങൾ | രക്ഷിതാക്കൾക്ക് പാരന്റിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക | രക്ഷിതാക്കളുമായുള്ള കൂടികാഴ്ച്ച |
| ചീത്ത കൂട്ടുകെട്ടിലൂടെ സ്വഭാവ വൈകല്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ | വിദഗ്ദ്ധരുടെ അടുത്തേക്ക് ചികിത്സക്കായി നിർദ്ദേശിക്കുക | റഫറൽ സംവിധാനം,<br>നിരീക്ഷണം, RolePlay,<br>വ്യക്തിഗത കൗൺസിലിംഗ് |
| രക്ഷിതാക്കൾ:<br>കൗമാര പ്രായത്തിൽ കുട്ടികൾക്കുണ്ടാകുന്ന മാറ്റങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ/ കൈകാര്യം ചെയ്യുന്നതിനുള്ള പ്രയാസം. | പാരന്റിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക | ബോധവൽക്കരണ ക്ലാസ്സുകൾ |

# ഹിന്ദി ക്ലബ്

**ആമുഖം**

കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക, മാതൃഭാഷയെപ്പോലെ ഹിന്ദി ഭാഷയും കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക, രാഷ്ട്രബോധം വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് ഹിന്ദി ക്ലബിന്റെ പ്രവർത്തനം. 8 മുതൽ 10 വരെയുള്ള ക്ലാസ്സിലെ കുട്ടികളെയാണ് ക്ലബിന്റെ പ്രവർത്തനങ്ങളിൽ ഭാഗമാക്കുന്നത്.

**പ്രവർത്തന പദ്ധതി**

- ദിനാചരണങ്ങൾ
- പോസ്റ്റർ നിർമ്മാണം
- സാഹിത്യ ക്വിസ്
- വായനാ മത്സരം
- സാഹിത്യകാരൻമാരെയും കൃതികളെയും പരിചയപ്പെടുത്തൽ
- ഹിന്ദി അസംബ്ലി
- പ്രസംഗ മത്സരം

**പദ്ധതി കാലയളവ്**

2025 ജൂൺ മുതൽ 2026 ഫെബ്രുവരി വരെ

**സംഘാടനം / ആസൂത്രണം**

ഹിന്ദി ക്ലബ് അംഗങ്ങൾ, ഹിന്ദി അധ്യാപകർ, SRG, PTA

| പരിപാടി/ ദിനാചരണങ്ങൾ | നടത്തുന്ന മാസം | കുട്ടികൾ | പ്രതീക്ഷിത ചെലവ് | ഉല്പന്നം |
|---|---|---|---|---|
| വായനാ ദിനം | ജൂൺ (19) | എല്ലാ കുട്ടികളും | | ഹിന്ദി വായനാമത്സരം |
| ലഹരി വിരുദ്ധദിനം | ജൂൺ (20) | " | | പ്രതിജ്ഞ short film പ്രദർശനം |
| പ്രേംചന്ദ് ജോന്തി | ജൂലൈ (31) | " | 200 | പ്രേംചന്ദ് ദിന ക്വിസ്, പ്രസംഗ മത്സരം, പ്രെംചന്ദിന്റെ കഥകളുടെ പ്രദർശനം |
| അധ്യാപക ദിനം | സെപ്തംബർ (5) | " | | പ്രിയപ്പെട്ട അധ്യാപകന് കത്തെഴുത്ത് മത്സരം |

| പരിപാടി/ ദിനാചരണങ്ങൾ | നടത്തുന്ന മാസം | കുട്ടികൾ | പ്രതീക്ഷിത ചെലവ് | ഉല്പന്നം |
|---|---|---|---|---|
| ഹിന്ദി ദിവസം | സെപ്തംബർ (14) | '' | | പോസ്റ്റർ നിർമ്മാണം, കയ്യെഴുത്ത് മത്സരം, കുട്ടികളുടെ നേതൃത്വത്തിൽ ഹിന്ദി അസംബ്ലി |
| ശിശുദിനം | നവംബർ (14) | '' | | ക്വിസ് |
| ലോക ഹിന്ദി ദിവസം | ജനുവരി | '' | 100 | ഹിന്ദിയിലെ പ്രധാന സാഹിത്യകാരൻമാരെയും കൃതികളെയും പരിചയപ്പെടുത്തൽ, കവിത രചന മത്സരം |

# വർക്ക് ഇന്റഗ്രേറ്റഡ് എഡ്യുക്കേഷൻ ക്ലബ്

**ആമുഖം**

21–ാം നൂറ്റാണ്ടിന്റെ വിദ്യാഭ്യാസം ഉദ്ദേശിക്കുന്നത് അറിവിന്റെ രാഷ്ട്രീയവും വിഷയപരമായും ഒറ്റപ്പെട്ട വഴികളിലൂടെയല്ല, സഹകരിച്ചും ബന്ധിപ്പിച്ചും ആസ്വദിച്ചും പഠിക്കുന്ന പുതിയൊരു സംസ്ക്കാരത്തിലൂടെയാണ്.

**ലക്ഷ്യങ്ങൾ**

- വിഷയങ്ങൾ തമ്മിലുള്ള സഹപരമായ ബന്ധം കണ്ടെത്തൽ
- ശാസ്ത്രം സാഹിത്യം സാമൂഹ്യശാസ്ത്രം, ഗണിതം, കല തുടങ്ങിയവയെ സംയുക്തമായി കാണാൻ കഴിവ്
- ജീവിതവുമായും സമുദായവുമായും അറിവ് ബന്ധിപ്പിക്കൽ
- പ്രായോഗിക പ്രോജക്ടുകളും സംഘപ്രവർത്തനങ്ങളും

**പ്രവർത്തന പദ്ധതി**

- ചെണ്ടുമല്ലി കൃഷി
- നോട്ടുബുക്ക് നിർമ്മാണം
- പ്രവർത്തി പരിചയമേള
- ഹാൻഡ് എംബ്രോയ്ഡറി
- ഫീൽഡ് സന്ദർശനം

**പദ്ധതി കാലയളവ്**

2025 ജൂൺ മുതൽ 2026 ജനിവരി വരെ

**സംഘാടനം ആസൂത്രണം**

വർക്ക് ഇന്റേഗ്രേറ്റഡ് എഡ്യുക്കേഷൻ

| പരിപാടി | നടത്തുന്ന മാസം | ചിലവ് | കുട്ടികൾ | ഉൽപന്നം |
|---|---|---|---|---|
| ചെണ്ടുമല്ലി കൃഷി | ജൂലൈ | 1000 | 200 | കൃഷിയോടുള്ള താൽപര്യം വർദ്ധിക്കുന്നു. |
| നോട്ട്ബുക്ക് നിർമ്മാണം | സെപ്തംബർ | | 250 | ക്രിയേറ്റിവിറ്റി അളവുശാസ്ത്രവും കൃത്യതയും |
| പ്രവൃത്തി പരചയമേള | ആഗസ്റ്റ് | 500 | 500 | തൊഴിൽബോധവും അഭിരുചിയും |
| ഹാന്റ് എംബ്രോയ്ഡറി | ഡിസംബർ | | 200 | തൊഴിൽബോധം, ക്ഷമ |
| ഫീൽഡ് ട്രിപ്പ് | ജനുവരി | | 50 | അനുഭവ സമൃദമായ പഠനം. |
| വായനാ ദിനം | ജൂൺ 19 | | | ക്വിസ് മത്സരം |
| ലഹരി വിരുദ്ധ ദിനം | ജൂൺ 26 | | | പോസ്റ്റർ |
| ബഷീർ ദിനം<br>അലിഫ് ടാലന്റ് ടസ്റ്റ് | ജൂലൈ 5<br>ജൂലൈ 3 | | | ക്വിസ് മത്സരം, പോസ്റ്റർ |
| സ്വാതന്ത്ര്യദിനം | ആഗസ്റ്റ് 15 | | | പോസ്റ്റർ |
| അദ്ധ്യാപക ദിനം | സെപ്തംബർ 5 | | | പോസ്റ്റർ |
| ഗാന്ധിജയന്തി | ഒക്ടോബർ 2 | | | പോസ്റ്റർ |
| കേരളപിറവി ദിനം | നവംബർ | | | പോസ്റ്റർ |
| ലോക അറബി ഭാഷാദിനം | ഡിസംബർ 18 | | | പ്രസംഗ മത്സരം, പോസ്റ്റർ, അറബിക് അസംബ്ലി, കാലിഗ്രഫി മത്സരം |
| റിപബ്ലിക് ദിനം | ജനുവരി 26 | | | പോസ്റ്റർ |

# അറബിക് ക്ലബ്

**ആമുഖം**

കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. അവരുടെ കലാ-സാഹിത്യ അഭിരുചികൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് അറബിക് ക്ലബിന്റെ പ്രവർത്തനം. 8 മുതൽ 10 വരെയുള്ള കുട്ടികളാണ് ക്ലബ് പ്രവർത്തനത്തിൽ പങ്കാളിയാവുന്നത്.

**പ്രവർത്തന പദ്ധതി**

- ദിനാചരണങ്ങൾ
- പോസ്റ്റർ നിർമ്മാണം
- സാഹിത്യ ക്വിസ്
- അറബിക് ടാലന്റ് ടെസ്റ്റ്
- പ്രസംഗ മത്സരം

**പദ്ധതി കാലയളവ്**

- 2025 ജൂൺ മുതൽ 2026 ഫെബ്രുവരി വരെ

**സംഘാടനം/ ആസൂത്രണം**

- അറബിക് ക്ലബംഗങ്ങൾ, അറബി അധ്യാപകർ, SRG,PTA

| പരിപാടി / ദിനാചരണങ്ങൾ | നടത്തുന്ന മാസം | കുട്ടികൾ | പതീക്ഷ ചെലവ് | ഉൽപ്പന്നം |
|---|---|---|---|---|
| വായനാദിനം | ജൂൺ 19 | | | ക്വിസ് മത്സരം |
| ലഹരി വിരുദ്ധ ദിനം | ജൂൺ 26 | | | പോസ്റ്റർ |
| ബഷീർ ദിനം | ജൂലൈ 5 | | | ക്വിസ് മത്സരം/ പോസ്റ്റർ |
| അലിഫ് ടാലന്റ് ടെസ്റ്റ് | ജൂലൈ 3 | | | പോസ്റ്റർ |
| സ്വാതന്ത്ര്യദിനം | ഓഗസ്റ്റ് 15 | | | പോസ്റ്റർ |
| അധ്യാപക ദിനം | സെപ്റ്റംബർ 5 | | | പോസ്റ്റർ |
| ഗാന്ധിജയന്തി | ഒക്ടോബർ 2 | | | പോസ്റ്റർ |
| കേരളപ്പിറവി ദിനം | നവംബർ 1 | | | പോസ്റ്റർ |
| ലോക അറബി ഭാഷാ ദിനം | ഡിസംബർ 18 | | | പ്രസംഗമത്സരം<br>അറബിക് അസംബ്ലി<br>കാലിഗ്രഫി മത്സരം<br>പോസ്റ്റർ |
| റിപ്പബ്ലിക് ദിനം | ജനുവരി 26 | | | പോസ്റ്റർ |

# HEALTH CLUB

| | പരിപാടി | നടത്തുന്ന മാസം | കുട്ടികൾ | പ്രതീക്ഷിത ചെലവ് | ഉല്പന്നം |
|---|---|---|---|---|---|
| 1. | ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ് | ജൂൺ | 75 | 1000 | ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കാൻ |
| 2. | രക്ത ഗ്രൂപ്പ് നിർണ്ണയ ക്യമ്പ് (Hb, Bmc) | ആഗസ്റ്റ് | 8ാം ക്ലാസ്സ് വിദ്യാർത്ഥികൾ | | രക്തഗ്രൂപ്പ് തിരിച്ചറിയൽ, കുട്ടികളിലെ വിളർച്ച കണ്ടെത്തൽ |
| 3. | നേത്ര പരിശോധന ക്യാമ്പ് | സെപ്തംബർ | 100 | | നേത്രവൈകല്യമുള്ള കുട്ടികളെ തിരിച്ചറിയുന്നു. |
| 4. | കൗമാര ബോധവത്കരണ ക്ലാസ്സ് | ഒക്ടോബർ | 75 | | കുട്ടികളിലെ ശാരീരിക മാനസിക വളർച്ചയിലുള്ള മാറ്റം തിരിച്ചറിയൽ |

# MATHS CLUB AMP

| ലക്ഷ്യങ്ങൾ | പ്രവർത്തനം | മാസം | ചുമതല |
|---|---|---|---|
| ഗണിതത്തിലും അതിന്റെ പ്രയോഗങ്ങളിലും കുട്ടികളിൽ താൽപര്യം വർദ്ധിപ്പിക്കുക | ക്ലബിന്റെ രൂപീകരണം | ജൂൺ - ജൂലായ് | ക്ലബ് കൺവീനർ, വിദ്യാർത്ഥികൾ |
| ഗണിതപരമായ ചിന്ത വളർത്തുക | Maths Quiz, Puzzles, Sudokce | ആഗസ്റ്റ്–സെപ്തംബർ | വിദ്യാർത്ഥികൾ, അധ്യാപകർ |
| മേളകൾക്കുവേണ്ടി സജ്ജരാക്കുക | ഗണിതമേള Geometrical Chart, Number Chart, Working model, Still model, Puzzle, Games etc. | സെപ്തംബർ | അധ്യാപകർ, വിദ്യാർത്ഥികൾ |
| പ്രശ്നപരിഹാരം | Rubics cubd challenge, Sudoka | തുടർ പ്രവർത്തനം | വിദ്യാർത്ഥികൾ |
| ഗണിതാശയങ്ങൾ നേരിട്ടു കണ്ടും അനുഭവിച്ചും മനസ്സിലാക്കൽ | ശിൽപശാല, ഗണിതലാബ് | അക്കാദമിക വർഷം | ഗണിത അധ്യാപകർ |

# SCIENCE CLUB

**ആമുഖം**

ശാസ്ത്രം മനുഷ്യന്റെ ജ്ഞാന വിസ്താരത്തിന്റെയും പുരോഗതിയുടെയും നാഴികകല്ലാണ്. നമ്മുടെ ജീവിതത്തിലെ ഓരോ മേഖലയിലും ശാസ്ത്രത്തിന്റെ സ്വാധീനം വളരെയധികം ആഴത്തിൽ പടർന്നിരിക്കുന്നു. നൂതന ആശയങ്ങൾ തേടി അന്വേഷിക്കുകയും, അതിൽനിന്നു പുതിയ കണ്ടുപുടുത്തങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു മനസ്സാണ് ശാസ്ത്ര മനസ്സ്

ലക്ഷ്യങ്ങൾ

- ശാസ്ത്രത്തെക്കുറിച്ചുള്ള താൽപര്യം ഉണർത്തുക
- അനുഭവാധിഷ്ഠിത പഠനത്തിലൂടെ ശാസ്ത്രീയമായി ചിന്ത വളർത്തുക
- വിദ്യാർത്ഥികളെ പ്രോജക്ട്, പരീക്ഷണങ്ങൾ ചർച്ചകളിലേക്ക് ആകർഷിക്കുക
- ശാസ്ത്രമേളകളും, മത്സരങ്ങളും സംഘടിപ്പിക്കുക

**പദ്ധതി കാലയളവ്**

2005 ജൂൺ മുതൽ 2026 ജനുവരി വരെ സംഘാടനം

| മാസം | പ്രവർത്തനങ്ങൾ | പ്രതീക്ഷീത ചെലവ് | ഉൽപന്നം |
|---|---|---|---|
| June | പരിസ്ഥിതി ദിനാഘോഷം (പോസ്റ്റർ നിർമ്മാണം, പരിസ്ഥതി ദീന ക്വിസ്) | – | പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള തിരിച്ചറിവ്. |
| July | ചാന്ദ്രദിനാഘോഷം റോക്കറ്റ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം, ചാന്ദ്രദിന ക്വിസ്, പ്രദർശനം | | ബഹിരാകാശയാത്രയെകുറിച്ചും, ബഹിരാകാശ യാത്രികരെക്കുറിച്ചുമുള്ള അവബോധം |
| August | പഠനോപകരണ നിർമ്മാണ ശിൽപ്പശാല | 2500 | വിദ്യാർത്ഥികളിൽ ശാസ്ത്രീയ ചിന്താവൃത്തി വളർത്തുക |
| September | ഓസോൺ ദിനം ഓസോൺ സംരക്ഷണം എന്ന വിഷയത്തിൽ സെമിനാർ അവതരണം, ശാസ്ത്രമേള, Still Model, working Model, Improvised experimental , Projetc | | നൂതന ആശയങ്ങൾ തേടി അന്വേഷിക്കുകയും അതിൽനിന്ന് പുതിയ കണ്ടുപിടുത്തങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക |

| | | | |
|---|---|---|---|
| October | ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | | ശാസ്ത്രപരമായ ചിന്തയും, കഴിവും വർദ്ധിപ്പിക്കൽ |
| November | ഫീൽഡ് ട്രിപ്പ് | 6000 | |
| December | എയ്ഡ്സ് ബോധവത്ക്കരണം | | എയ്ഡ്സ് രോഗത്തെ എങ്ങനെ പ്രതിരോധിക്കാം എന്ന് തിരിച്ചറിയുന്നതിന്. |
| January | ഔഷധത്തോട്ട നിർമ്മാണം | | പാരമ്പര്യ ചിക്തസാ രീതികളെക്കുറിച്ചുള്ള ധാരണ |
| February | ശാസ്ത്ര ദിനാചരണം- ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ | | ഭാവി ശാസ്ത്ര ലോകത്തേക്കുള്ള പടിവാതിലുകൾ തുറക്കാനും ആഗ്രഹം ഉണർത്താനും കഴിയും |
| March | പഠനോത്സവം | | വായന, ശാസ്ത്രം, കല ഒന്നിച്ച് സംയോജിപ്പിച്ച് സമഗ്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക. |

# ആട്സ് ക്ലബ്

**ആമുഖം**

കല വളരെ അത്ഭുതകരമായ ഒരു ലോകമാണ്. ചിന്തകളും ഭാവനകളും ചേർന്ന് സ്വപ്നങ്ങൾ തീർക്കുന്ന ഒറ്റ വേദി.

ആർട്ട് ക്ലബ് എന്നത് ഈ കലാലോകത്തെ കണ്ടെത്താനും അനുഭവിക്കാനുമുള്ള ഒരു സ്നേഹപൂർണ്ണ വാതിൽ വഴിയാണ് ചിത്രരചന, ഹാൻഡ് കോഫ്റ്റ്, പെയിന്റിംഗ്, സ്കെച്ചിംഗ് തുടങ്ങിയവയിൽ താൽപര്യമുള്ള ഓരോ കുട്ടിക്കും തങ്ങളുടെ കഴിവുകൾ പുറത്ത് കൊണ്ടുവന്നുകൊണ്ട് ആത്മവിശ്വാസം വളർത്താനും ടീം വർക്ക് അഭ്യസിക്കാനും സാധിക്കും.

**ലക്ഷ്യങ്ങൾ**

- കുട്ടികളിൽ ആർട്ടിസ്റ്റ് കഴിവുകൾ വികസിപ്പിക്കുക
- സഹപാഠികളോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന ശൈലി വളർത്തുക
- തനതായ ആശയങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കാൻ പ്രോത്സാഹനം നൽകുക
- കലയുടെ മൂല്യങ്ങൾ മനസ്സിലാക്കാൻ സഹായിക്കുക

പ്രവർത്തന പദ്ധതി

- പോസ്റ്റർ നിർമ്മാണം (ലഹരിക്കെതിരെ)
- ക്ലാസ്സ് തല പൂക്കളമത്സരം
- ആർട് എക്സിബിഷൻ

പദ്ധതി കാലയളവ്

- 2025 ജൂൺ മുതൽ 2026 ജനുവരി വരെ

സംഘാടനം/ ആസൂത്രണം

**ആർട് ക്ലബ്**

| പരിപാടി | നടത്തുന്ന മാസം | കുട്ടികൾ | പ്രതീക്ഷിത ചിലവ് | ഉൽപന്നം |
|---|---|---|---|---|
| പോസ്റ്റർ നിർമ്മാണം (ലഹരിക്കെതിരെ) | ജൂൺ | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും | | സമൂഹബോധം, പോസിറ്റീവ് എനർജി, മാനസിക ആരോഗ്യം |
| ക്ലാസ്സ്തല പൂക്കള മത്സരം | സെപ്തംബർ | " | | പരിസ്ഥിതിയെ കുറിച്ചുള്ളബോധം |
| ആർട്ട് എക്സിബിഷൻ | ഫെബ്രുവരി | " | 200 | ആത്മാഭിമാനം, ആശയവിനിമയ കൗശലം |

# സോഷ്യൽ സയൻസ് ക്ലബ്

**ആമുഖം**

കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നതിനും, പൗരബോധം, ഭൂമിശാസ്ത്രപരമായ അറിവും വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

പദ്ധതി കാലയളവ് : 2025 June -2026 Jan

സംഘാടനം :സോഷ്യൽ സയൻസ് ക്ലബ്

| പരിപാടി | മാസം | ഉൽപ്പന്നം |
|---|---|---|
| 1. ലഹരി ബോധവത്ക്കരണം | ജൂൺ | ലഹരി ഉപയോഗത്തിലെ ദോഷഫലങ്ങൾ മനസ്സിലാക്കാൻ |
| 2. ലോകജനസംഖ്യാദിനം | ജൂലൈ | ജനസംഖ്യാ വിസ്ഫോടനത്തിന്റെ ദൂഷ്യഫലങ്ങൾ |
| 3. ഹിരോഷിമാദിനം, സ്വാതന്ത്ര്യദിനം | ആഗസ്റ്റ് | യുദ്ധവിരുദ്ധ റാലി, ഫിലിം പ്രദർശനം |
| 4. ഗാന്ധിജയന്തി | ഒക്ടോബർ | ശുചീകരണം, ഗാന്ധി സിനിമാ പ്രദർശനം |
| 5. റിപ്പബ്ലിക് ദിനം | ജനുവരി | ചിത്ര പ്രദർശനം |

**നേട്ടങ്ങൾ**

1 കുട്ടികളിൽ ചരിത്രബോധം വളർത്തുക

2 സാമൂഹിക പ്രശ്നങ്ങളെ വിശകലനം ചെയ്യാൻ പ്രാപ്തരാക്കുകയും പ്രശ്ന പരിഹരണശേഷി വളർത്തുകയും ചെയ്യുക.

# ജാഗ്രതാ സമിതി

**ആമുഖം**

കുട്ടികളുടെ ശാരീരിക, മാനസ്സിക വളർച്ച മെച്ചപ്പെടുത്തുന്നതന് പലതരത്തിലുള്ള പ്രവർച്ചനങ്ങൾ നടത്തിവരുന്ന ക്ലബ്ബാണ് ജാഗ്രത ക്ലബ്. സന്തോഷകരവും ആരോഗ്യ ത്തോടുകൂടിയതുമായ ബാല്യം കുട്ടികൾക്ക് ഉറപ്പാക്കുന്നതിനായി ലഹരിമുക്തമായ പഠനകാലം ഒരുക്കുന്നതിനായി ക്ലബ് നിതാന്ത ജാഗ്രത പുലർത്തുന്നു.

**ഉദ്ദേശങ്ങൾ**

- ലഹരി വരുദ്ധ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനുള്ള ശക്തമായ സംഘാടനം ഉറപ്പാക്കുക.
- വിദ്യാലയ അനുബന്ധ സമൂഹത്തിലെ (രക്ഷിതാക്കൾ, പൊതുസമൂഹം, അഭ്യുദകാംക്ഷികൾ, പൊതുസമൂഹം, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പൂർണ്ണ സഹകരണം ഉറപ്പാക്കുന്നു.
- രക്ഷിതാക്കൾ, അധ്യാപകർ, കുട്ടികൾ എന്നിവർക്ക് അതത് സമയങ്ങളിൽ ബോധവത്ക്കരണം, പരശീലനം എന്നിവ ഉറപ്പാക്കുക.
- പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുക.

പദ്ധതി കാലയളവ് : 2025–26

സംഘാടനം/ആസൂത്രണം : ജാഗ്രത ക്ലബ്

| പരിപാടി | നടത്തുന്ന മാസം | കുട്ടികൾ | ചിലവ് |
|---|---|---|---|
| കുട്ടികളുടെ ജാഗ്രതാകൂട്ടം രൂപീകരണം | ജൂൺ | | |
| ജൂൺ 26 ലോക മയക്കുമരുന്ന് വിരുദ്ധ ദിനം | ജൂൺ | 250 | ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങൾ അറിയിക്കൽ |
| അമ്മമാരുടെ റിസോഴ്സ് ഗ്രൂപ്പ രൂപീകരണം | ജൂൺ | | |
| ക്ലാസ്സ് ജാഗ്രത സമിതി കൂടി ചേരൽ | ജൂലായ് | | |
| ലഹരി വിരുദ്ധ സ്കൂൾ പാർലമെന്റ് | | | ലഹരി ഉപയോഗത്തിന്റെ ദൂഷ്യത അറിയൽ |

| പരിപാടി | നടത്തുന്ന മാസം | കുട്ടിക ൾ | ചിലവ് |
|---|---|---|---|
| ജാഗ്രതാ ബ്രിഗേഡിനുള്ള ജീവിത നൈപുണി പിരശീലനം | ആഗസ്റ്റ് | | ജീവിതനൈപുണി നേട്ടങ്ങൾ |
| ലഹരി വിരുദ്ധ റോൾപ്ലേ ക്ലാസ്സ് | സെപ്തംബർ | | ലഹരിമുക്ത മനോഭാവം വളർത്തൽ |
| ലോകമാനസികാരോഗ്യ ദിനം പൊതുബോധവത്ക്കരണ ക്ലാസ്സ് | ഒക്ടോബർ | 2000 | കുട്ടികളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കും |
| ലഹരി വിരുദ്ധക്രിയാത്മക, കൗമാരം – ശാക്തീകരണ ക്ലാസ്സ് | നവംബർ | 100 | ആരോഗ്യകരമായ കൗമാരം |
| ഡിസംബർ 10 മനുഷ്യാവകാശ ദിനം | ഡിസംബർ | | പൗരൻമാരുടെ അവകാശങ്ങളെകുറിച്ചുള്ള അവബോധം |
| സ്കൂൾതല ലൈഫ് സ്കിൽ ഫെസ്റ്റ് | ഫോബ്രുവരി | | ജീവിത നൈപുണികൾ വർദ്ധിപ്പിക്കും |

**നേട്ടങ്ങൾ**

കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യേ വർദ്ധിപ്പിക്കുന്നു. വിവിധതരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (ലഹരി ലൈംഗീകാതിക്രമം) കുട്ടികൾക്ക് മതിയായ സുരക്ഷ ഉറപ്പാക്കുന്നു.

## ഉൾച്ചേർന്ന വിദ്യാഭ്യാസം

ഓരോ കുട്ടിയെയും പരിഗണിക്കുകയും ബഹുമാനിക്കുകയും വിവേചനരഹിതമായി പെരുമാറുകയും അതോടൊപ്പം തന്നെ അവസരതുല്യതയും അനുയോജ്യമായ വിദ്യാഭ്യാസവും ഉറപ്പുവരുത്തുകയും ചെയ്യുക എന്നുള്ളതാണ് ഉൾചേർന്ന വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത്.

എന്താണ് ഉൾചേർന്ന വിദ്യാഭ്യാസ സമീപനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

- വിവിധ തലങ്ങളിൽ നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ
- ഭൂമിശാസ്ത്രപരമായി വ്യത്യസ്തമായ ഇടങ്ങളിൽ ജീവിക്കുന്നവർ
- പാർശ്വവൽക്കരിക്കപ്പെട്ടവർ
- ഗോത്ര വർഗ്ഗ വിഭാഗങ്ങൾ
- ഭിന്നശേഷിയുള്ളവർ
- പ്രതിഭാധനരായ കുട്ടികൾ

സാമൂഹികവും സാമ്പത്തിതവുമായ കാരണങ്ങളാൽ പുറത്തള്ളപ്പെടുന്നവരുടെ കുട്ടികളെയും ശാരീരികവും മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെയും ഉൾപ്പെടുത്തി അനുയോജ്യമായവിദ്യാഭ്യാസം നൽകി ജീവിത വിജയത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. വികലാംഗ സംരംക്ഷണ നിയമം (RPWDAct 2016) എന്നിവ ഭിന്ന ശേഷിക്കാരുടെ വിദ്യഭ്യാസം ഉറപ്പുവരുത്തുന്നതിനായി നിലവിൽ വന്നതാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യത്തോടെ വിദ്യഭ്യാസവകുപ്പ് ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തികൊണ്ടിരിക്കുന്നതിന്റെ ഭാഗമാക്കി GHSS Karuvanpoyil "Resource Room" നിലവിൽ ഉണ്ട്. അതിൽ വേണ്ട രീതിയിൽ ഉള്ള (Equpements, furniture, Adapted toilet, 'Therappy സൗകര്യങ്ങൾ എന്നി കാര്യങ്ങൾ നിലവിൽ ഇല്ല.

8 മുതൽ +8 വരെയുള്ള ക്ലാസ്സുകളാലായി Medical Board Certificate ഉള്ള 35 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

ഭിന്നശേഷികുട്ടികളുടെ പട്ടിക: 2024-2025

| Class | Id | N1 | CP | MI | MD | Autism | SLD | Total |
|---|---|---|---|---|---|---|---|---|
| 8 | 1 | 1 | | | 1 | | 3 | 6 |
| 9 | 1 | | | | | | 2 | 3 |
| 10 | 3 | | | | | | 9 | 12 |
| 11 | 2 | | | | | | 1 | 3 |
| 12 | 3 | | | | | | 8 | 11 |
| | | | | | | | | |
| | | | | | | | Grand Total | 35 |

**പ്രവർത്തന പദ്ധതി വിശകലനം**

- ഭിന്നശേഷി കുട്ടികളെ കണ്ടെത്തി തരംതിരിക്കൽ (IEDC Survey)
- അവരുടെ ആവശ്യങ്ങൾ നിർണ്ണയിക്കൽ
- വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കൽ (ID, HI, SLD, Camp .... കാഴ്ച്ച പരിശോധന)
- അനുരൂപീകരണം നടത്തൽ
- അധ്യാപക പരിശീലനം
- രക്ഷിതാക്കളുടെ പരിശീലനം, സൈക്കോളജിക്കൽ അസ്സെസ്സ്മെന്റ്
- വ്യക്തിഗത പരീശീലനം (IEP)
- പരീക്ഷാസഹായം
- പഠന വിനോദയാത്ര (IEDC Tour)
- (സന്നദ്ധപ്രവർത്തനങ്ങളുടെ സഹായത്താൽ)
- Home based കുട്ടികളുടെ വീട് സന്ദർശനം
- ഭിന്നശേഷി കുട്ടികളുടെ വീട് സന്ദർശനം (ആഘോഷവേളകളിൽ നടത്തുന്നത്)

അവലോകനം, റിപ്പോർട്ടിങ്, ഡോക്യുമെന്റേഷൻ മുതലായവ ജൂൺ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായി നടത്തുന്നു.

''മാറ്റി നിർത്തേണ്ടവരല്ല ഭിന്നശേഷിക്കാർ കൂടെ ചേർക്കുന്നവരായി മാറണം'' നേരിയ അവഗണനപോലും അനുഭവപ്പെടാതെ മുഖ്യധാരയുടെ ഭാഗമായി ഭിന്നശേഷി വിദ്യാർത്ഥികൾ മാറുമ്പോഴാണ് പൊതുവിദ്യാഭ്യാസം അർത്ഥപൂർണ്ണമായി മാറുന്നത്.

# ഉറുദു ക്ലബ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ഉറുദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായും ഉറുദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിനുവേണ്ടി നോട്ടീസ് ബോർഡിൽ ഓരോ ആഴ്ച്ചയിലും ചോദ്യങ്ങളും ഉത്തരങ്ങളും പ്രദർശിപ്പിക്കൽ. ഇതിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ | എല്ലാ മാസവും |
| 2 | മുശാഇറ | ഉറുദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്ന തിനും സംഗീതവാസനയുള്ള കുട്ടി കളെ കണ്ടെത്തുന്നതിതനും മുശാഇ റയും ഗസൽ സായാഹ്നവും സംഘ ടിപ്പിക്കുക | വർഷത്തിൽ ഒന്ന് |
| 3 | ഉറുദു ക്യാമ്പ് ഹം മിലേം | കുട്ടികളിലെ രചനാപരമായ കഴിവു കൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉറുദു സാഹി ത്യകാരൻമാരുടെ ക്യാമ്പുകൾ സംഘ ടിപ്പിക്കുക. | വർഷത്തിൽ ഒന്ന്. |
| 4 | ഉറുദു ദിനം | ടാലന്റ് മീറ്റ്, ഭാഷാ സെമിനാർ, ക്ലാസ് മാസിൻ | നവംബർ- 9, ഫെബ്രുവരി -15 |
| 5 | ഉറുദു കെ മോത്തിയാം, ഉറുദു സാഹിത്യത്തെ പരിചയപ്പെടൽ | ഉറുദു സാഹിത്യ രൂപങ്ങളെയും ഉറുദു സാഹിത്യകാരൻമാരെയും പരിചയ പ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉറുദുവിലെ പ്രസിദ്ധരായ എഴുത്തു കാരുടെ രചനകൾ പരിചയപ്പെടു ത്തുക. | വർഷത്തിൽ ഒന്ന്. |

## വിദ്യാർത്ഥി സേനകളുടെ പ്രവർത്തനങ്ങൾ

കരുവൻപൊയിൽ ഹയർ സെക്കൻഡറി സ്കൂളിൽ വിവിധ സേനകളുടെ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

### SPC (സ്റ്റുഡന്റ് പോലീസ് കേഡറ്റ്)

ജൂനിയർ സീനിയർ ബാച്ചുകളിലായി 88 കുട്ടികൾ ഈ സേനയുടെ ഭാഗമായി ഉണ്ട്

സി.പി.ഒ. ഷിംന പി. എം. എ. സി.പി.ഒ. നിമിഷ വി.പി. എന്നിവരും പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് അനീഷ് കുമാർ ജി. ഡ്രിൽ ഇൻസ്ട്രക്ടറായും ഉണ്ട്.

ബുധനാഴ്ചകളിലും ശനിയാഴ്ചകളിലും ക്യാഡറ്റുകൾക്ക് ട്രെയിനിങ് നൽകി വരുന്നു. സഹവാസ ക്യാമ്പുകളും ഫീൽഡ് ട്രിപ്പുകളും നടത്താറുണ്ട്.

### JRC (ജൂനിയർ റെഡ് ക്രോസ് )

നാല്പതോളം കുട്ടികളാണ് ഈ സേനയുടെ ഭാഗമായുള്ളത് വിനാചരണങ്ങൾ സെമിനാർ, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ട്രെയിനിങ്ങുകൾ എന്നിവ നൽകുന്നു. സാഹവാസ ക്യാമ്പുകളും ഫീൽഡ് ട്രിപ്പ്പുകളും നടത്താറുണ്ട്.

**നന്ദി**

**'കാഴ്ച'** പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഹെഡ്മാസ്റ്റർ എം. എം. ഉഷകുമാരി, സീനിയർ അസിസ്റ്റന്റ് ബീന ടി., ഈ പ്രവർത്തനങ്ങളോട് സഹകരിച്ച എല്ലാ അധ്യാപകർക്കും അനധ്യാപകർക്കും നന്ദി രേഖപ്പെടുത്തുന്നു.

**എസ് ആർ ജി കൺവീനർ**